പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 529 — 6.3.2012-ൽ മറുപടിക്ക്

## മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിക്കുകയും വികസിപ്പിക്കുകയും, ആധുനികവത്ക്കരിക്കുകയും ചെയ്ത പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു; ബാക്കിയുള്ളവയുടെ പ്രവർത്തനം ആരംഭിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി ആരംഭിക്കുകയും, വികസിപ്പിക്കുകയും ആധുനികവത്കരിക്കുകയും ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പുതുതായി ആരംഭിച്ച പദ്ധതികളിൽ എല്ലാംതന്നെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് സജ്ജമാക്കി വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാനുള്ള നിലയിലാണ്. എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രാഥമികമായ പ്രവർത്തനങ്ങൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതികളിലേയ്ക്കാവശ്യമായ ജീവനക്കാരുടെ നിയമനങ്ങൾ പൂർത്തിയായാൽ മാത്രമേ പദ്ധതികൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. ഈ പദ്ധതികളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ 2.12.2011 തീയതിയിലെ ജി.ഒ (എം.എസ്) നം.223/11/വ്യവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കു നിയമനം നടത്തുന്നതിനായി പരീക്ഷ നടത്താൻ ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരുന്നത്; എത്രപേരുടെ | (ബി) പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് Kerala State Productivity Council (KSPC), KITCO, National Institute of Personnel Management (NIPM) എന്നീ പ്രൊഫഷണൽ |

| | |
|---|---|
| റാങ്ക് ലിസ്റ്റാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കും തയ്യാറാക്കിയത്; വിശദാംശം ലഭ്യമാക്കുമോ; | ഏജൻസികളെയാണ് 1.1.2011 തീയതിയിലെ ജി.ഒ (എം.എസ്) നം.1/11/വ്യവ പ്രകാരം ചുമതലപ്പെടുത്തിയിരുന്നത്. ഇത് പ്രകാരം ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകൾ അതാത് സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. |
| (സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി; | (സി) ഇത് പ്രകാരം 101 പേർക്ക് നിയമന ഉത്തരവ് നൽകുകയും അതിൽ 35 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. |
| (ഡി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ റദ്ദാക്കുവാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലില്ല. ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെ നടത്തിയ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളിലും നിയമനങ്ങൾക്കായി നടത്തിയ നടപടിക്രമങ്ങളിലും ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് ബഹു: ഹൈക്കോടതിയിൽ നിരവധി കേസുകൾ നിലവിലുള്ളതിനാൽ ഈ സർക്കാർ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 01.01.2011 തീയതിയിലെ ജി.ഒ (എം.എസ്) നം.1/2011/വ്യവ പ്രകാരം സ്വീകരിച്ച നടപടിക്രമങ്ങളും തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളും നിർത്തലാക്കാൻ 02.12.2011 തീയതിയിലെ ജി.ഒ (എം.എസ്) നം.223/2011/വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

Aftab

സെക്ഷൻ ഓഫീസർ

അനുബന്ധം

| Green Field Projects | | |
|---|---|---|
| Sl. No. | Company | Projects |
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, Alappuzha – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Factory, Kannur – KSTC |
| 3 | Kerala State Textile Corporation Ltd | Hi tech Spinning Mill, Uduma, Kasargode - KSTC |
| 4 | United Electrical Industries Ltd | LCD Meter Unit, Palakkad – UEI |
| 5 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, Kozhikode - Kerala SIDCO. |
| 6 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, Kuttippuram – KSEDC |
| 7 | Traco Cable Company Ltd | House Wiring cable Unit, Kannur – TRACO |
| 8 | Steel and Industrial Forgings ltd | Machining Unit, Shornur – SIFL |
| 9 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, Kozhikode - KSBC |
| 10 | Kerala State Industrial Enterprises Ltd | Container Freight Station, Ernakulam – KSIE |

Section Officer